## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2524** **12.02.2020-ൽ മറുപടിക്ക്**

## പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**
**,, പി.ജെ.ജോസഫ്**
**,, സി.എഫ്.തോമസ്**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശികയ്ക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശികയ്ക്കെതിരെ സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായി സഹകരണ സംഘങ്ങൾക്ക് നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | 2015 വരെ കാലാവധി പൂർത്തിയാക്കിയ വായ്പകളിൽ കേസ് ഫയൽ ചെയ്യാൻ നിയമം അനുവദിക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 2015 വരെ കാലാവധി പൂർത്തിയാക്കിയ വായ്പകളിൽ കേസ് ഫയൽ ചെയ്യാൻ നിയമം അനുവദിക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. |
| (സി) | വായ്പകളുടെ കാലാവധി കഴിഞ്ഞാൽ എത്രവർഷം പിന്നിട്ടാലും ഈടാക്കാൻ സംഘങ്ങൾക്ക് ആർബിട്രേഷൻ കേസടക്കമുള്ള നടപടി 2013 ലെ സഹകരണ നിയമ ഭേദഗതിയോടെ കഴിയാത്ത സ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (സി) | 18/11/2019 തീയതിയിലെ സ.ഉ.(പി)121/2019/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ വിവിധ സംഘങ്ങളുടെ കോടിക്കണക്കിന് രൂപയുടെ വായ്പാ കുടിശ്ശിക തിരിച്ചു പിടിക്കാനാകാതെ കിടക്കുന്നതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ വർഷവും കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പാ കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിൽ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് ആർബിട്രേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനായി സെയിൽ ആഫീസർമാരുടെ സേവനവും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**